# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6151 — 20/11/2019 -ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി മണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസിന്റെ പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ.രാമചന്ദ്രൻ :** | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി നടത്തുന്ന വിവിധ പരിപാടികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ പാർലമെന്ററി അവബോധം വർദ്ധിപ്പിക്കുന്നതിനായി ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, സ്കൂൾ സെമിനാറുകൾ എന്നിവയും കോളേജ് തലത്തിൽ മോഡൽ പാർലമെന്റ്, സെമിനാറുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. കൂടാതെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി പാർലമെന്ററി ഡെമോക്രസിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രശ്നോത്തരി/ഉപന്യാസം/പ്രസംഗ മത്സരങ്ങളും സംഘടിപ്പിക്കുന്നു. ബഡ്ജറ്റ് ഡിസ്കഷൻ, പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം എന്നിവയും സംഘടിപ്പിച്ചു വരുന്നു. |
| (ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ അനുവദിച്ച വിവിധ പരിപാടികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഏതെല്ലാമെന്ന് വിശദമാക്കുമോ; | (ബി) 1. സ്കൂൾ സെമിനാർ<br>• ബോയ്സ് എച്ച് എസ് എസ് കരുനാഗപ്പള്ളി<br>• ഗവ. മോഡൽ എച്ച് എസ്, കെ എസ് പുരം<br>• ബി ജെ എസ് എം എച്ച് എസ് എസ് & വി എച്ച് എസ് എസ് മഠത്തിൽ തഴവ<br>• ജെ എഫ് കെ എം എച്ച് എസ് എസ് അയണിവേലികളങ്ങര |

2. സ്കൂൾ യൂത്ത് പാർലമെന്റ് മത്സരം

- ഗവ. ഫിഷറീസ് എച്ച് എസ് എസ് കുഴിത്തുറ
- ഗവ എച്ച് എസ് എസ് തഴവ

3. പാർലമെന്ററി ലിറ്ററസി ക്ലബ്ബ്

- തൊടിയൂർ ഗവ. എച്ച് എസ് എസ്
- എസ് വി എച്ച് എസ് എസ് ക്ലാപ്പന

4. ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്

- ഗവ. എച്ച് എസ് എസ് & വി എച്ച് എസ് എസ് കരുനാഗപ്പള്ളി
- ഗവ. എച്ച് എസ് എസ് ഓച്ചിറ

5. കോളേജ് മോഡൽ പാർലമെന്റ്

- ഐ എച്ച് ആർ ഡി എഞ്ചിനിയറിങ്ങ് കോളേജ്, കരുനാഗപ്പള്ളി

| | |
|---|---|
| (സി) ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; (ഡി) ഇതുസംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) & (ഡി) ബഹു. കരുനാഗപ്പള്ളി എം എൽ എ യുടെ ഓഫീസിൽ നിന്നും ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ഥാപനങ്ങൾക്കും പരിപാടികൾ നടത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അയച്ചു കൊടുത്തിട്ടുണ്ട്. പരിപാടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല |

സെക്ഷൻ ഓഫീസർ